**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4541** **19-03-2025 - ൽ മറുപടിയ്ക്ക്**

**ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്/ സ്കോളർഷിപ്പ് ഇനങ്ങളിൽ ഓരോ ക്ലാസിലും എത്ര തുകയാണ് അനുവദിക്കുന്നതെന്നുള്ള (ഒന്നാം ക്ലാസ് മുതൽ പി.എച്ച്.ഡി. വരെ ) വിവരം ലഭ്യമാക്കാമോ; | (എ) പട്ടികജാതി /പട്ടികവർഗ്ഗ/മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്കായി അനുവദിക്കുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് , പോക്കറ്റ് മണി എന്നിവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ഇതിന് പുറമെ അനുവദിക്കുന്ന സ്കോളർഷിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**ഇ-ഗ്രാന്റ്സ് പ്രീ മെട്രിക് സ്കോളർഷിപ്പ്**

| Component | Amount | Class |
|---|---|---|
| പ്രൈമറി/സെക്കന്ററി എയ്ഡ് (പ്രതി വർഷം) | 2000 | 1-8 |
| സ്റ്റൈപ്പന്റിന് പുറമെ പട്ടികജാതിയിലെ ദുർബല വിഭാഗ/ പട്ടികവർഗ്ഗത്തിലെ പ്രാക്തന ഗോത്ര വർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രം പ്രതിമാസം സ്റ്റൈപ്പന്റ് | 200 | 1-10 |
| ട്യൂഷൻ ഫീസ് റീ ഇമ്പേഴ്മെന്റ് (അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക്പ്രതി വർഷം) | ₹1333/- | LP/UP |
| | ₹2000/- | HighSchoo |
| വിദ്യാലയ വികാസ് നിധി (കേന്ദ്രീയ വിദ്യാലയങ്ങളിലെവിദ്യാർത്ഥികൾക്ക് പ്രതി വർഷം) | ₹5000/ | 1-2 |
| | ₹6000/- | 3-10 |

ഇതിന് പുറമെ 9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗ വിദ്യാർത്ഥികളിൽ പ്രതി വർഷം ഡേ സ്കോളർക്ക് 3,500 /- രൂപയും, ഹോസ്റ്റലർക്ക്- 7,000/- രൂപയും , പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളിൽ പ്രതി വർഷം ഡേ സ്കോളർക്ക് 3,000 /- രൂപയും, ഹോസ്റ്റലർക്ക്- 6,250/- രൂപയും അനുവദിക്കുന്നു. എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളിൽ പ്രതി വർഷം ഡേ സ്കോളർക്ക് 3,500 /- രൂപയും, ഹോസ്റ്റലർക്ക്- 8000/- രൂപയും (ക്ലാസ് 3 മുതൽ 10 വരെ ) അനുവദിക്കുന്നു.

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

ഹയർ സെക്കന്ററി തലം മുതലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനത്തിൽ സംസ്ഥാന സർക്കാർ/ യൂണിവേഴ്സിറ്റി/ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം, ഹോസ്റ്റൽ ഫീസായി സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 35000/-രൂപയും, സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 45000/- രൂപയും, പ്രൈവറ്റ് ഹോസ്റ്റലർക്ക് 15000/-രൂപയും അനുവദിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളിൽ പ്രതി വർഷം ഡേ സ്കോളർക്ക് 8,500 /- രൂപയും, ഹോസ്റ്റലർക്ക് പോക്കറ്റ് മണിയായി 2,000/- രൂപയും അനുവദിക്കുന്നു.

ഇതിന് പുറമെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് അക്കാഡമിക് അലവൻസ് കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കുകൾ അനുവദിക്കുന്നു.

| | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| കോഴ്സ് ഗ്രൂപ്പ് | ഹോസ്റ്റലർ | ഡേ സ്കോളർ | ഹോസ്റ്റലർ | ഡേ സ്കോളർ |
| ഗ്രൂപ്പ് 1 | 13500/- | 7000/- | 15,000/- | 8,500/- |
| ഗ്രൂപ്പ് 2 | 9500/- | 6500/- | 11,400/- | 8,500/- |
| ഗ്രൂപ്പ് 3 | 6000/- | 3000/- | 11,200/- | 8,500/- |
| ഗ്രൂപ്പ് 4 | 4000/- | 2500/ | 10,000/- | 8,500/- |

PhD, MPhil, MTech, M lit തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി/ ഗേറ്റ് പാസാകാത്ത വിദ്യാർഥികൾക്ക് യു.ജി.സി കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും അനുവദിക്കുന്നു.

1-8 ക്ലാസുകളിലെ പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് കെടാവിളക്ക് സ്കോളർഷിപ്പായി 1500/- രൂപയും, 9,10 ക്ലാസുകളിലെ പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് 4000 രൂപയും, ഹയർ സെക്കണ്ടറി തലത്തിൽ 5000/- രൂപയും, പോസ്റ്റ് മെട്രിക് തലത്തിൽ ഇതര സംസ്ഥാന പഠനത്തിനായി പരമാവധി 20,000/- രൂപയും അനുവദിക്കുന്നു.

(ബി) 2023-24 അധ്യായന വർഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2023-24 അധ്യയന വർഷം പ്രീ മെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമായ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | പിന്നാക്ക വിഭാഗം |
| പ്രീ മെട്രിക് സ്കോളർഷിപ്പ് | Lump sum grant- 3,57,697 Stipend- 12,526<br>EducationAid- 2,62,577 | 77,269 | 3,22,988 |
| 9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത് | 52,807 | 8, 267 | 19,322 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1,54,174 | 13, 053402068 | 4,02,068 |
| എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ<br>ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടേത് | 367 | | |

(സി) 2023-24 അധ്യായന വർഷത്തെ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് /ലംപ്സം ഗ്രാന്റ് വിതരണം ചെയ്തതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്ന് എത്ര രൂപയാണ്

(സി) 2023-24 അധ്യയന വർഷം പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് ,പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | തുക (കോടി) | | |
|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | പിന്നാക്ക വിഭാഗം |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 281. 23 | 53. 2547 | 676. 45 |
| സ്റ്റേറ്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് | 79 | 16. 4971 | 41. 24365 |

| | | | |
|---|---|---|---|
| | വേണ്ടിവന്നതെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| 9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത് | 7. 2 | 2. 5417 | 12. 6234 |
| എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ<br><br>ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടേത് | 12 ലക്ഷം | | |

(ഡി) 2025-26-ലെ ബഡ്ജറ്റിൽ എത്ര തുകയാണ് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) 2025-26 ബഡ്ജറ്റ് വിഹിതത്തിൽ പട്ടികജാതി വിഭാഗവിദ്യാർത്ഥികളുടെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 2025-26 വർഷത്തെ ബഡ്ജറ്റ് വിഹിതം ചുവടെ ചേർക്കുന്നു.

| പദ്ധതി | തുക (കോടി) | | |
|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | പിന്നാക്ക വിഭാഗം |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 374. 07 | 54. 3 | 385 |
| സ്റ്റേറ്റ് പ്രി മെട്രിക് സ്കോളർഷിപ്പ് | 173. 5 | 17. 3250 | 40 |
| 9,10 ക്ലാസുകളിലെ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ളത് | 8 | 40 | 20 |
| എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ<br><br>ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ 1 മുതൽ 10 ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടേത് | 10 ലക്ഷം | | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ചുത്തരവാകുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ(അച്ചടി)നം.1/2020/പജപവവിവ തിരുവനന്തപുരം, തീയതി. 09/01/2020

---

പരാമർശം:- 1) സ.ഉ.(അച്ചടി)നം.50/2009/പജപവവിവ തീയതി 02/07/2009
2) സ.ഉ. (എം.എസ്) നം.43/2016/പജപവവിവ തീയതി 25/06/2016
3) സ.ഉ. (അച്ചടി) നം.4/2016/പജപവവിവ തീയതി 23/07/2016
4) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28/10/2016 ലെ സി1-16325/2016 നം. കത്ത്.

### ഉത്തരവ്

സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം പരാമർശം (2)പ്രകാരം 25% വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത പത്തിലേക്ക് ക്രമപ്പെടുത്തി പരാമർശം (3)പ്രകാരവും ഉത്തരവായിരുന്നു.

2) സംസ്ഥാനത്ത് പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷൻ ശുപാർശയുടെയടിസ്ഥാനത്തിലും, വിദ്യാഭ്യാസ ചെലവിലുണ്ടായ വർദ്ധനവിന്റെയും ഉയർന്നുവരുന്ന ജീവിത നിലവാര സൂചികകളുടെ അടിസ്ഥാനത്തിലും ഇപ്പോൾ നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അപര്യാപ്തമാണെന്നതിനാലും, ടി ആനുകൂല്യങ്ങൽ വർദ്ധിപ്പിക്കുന്നതിനും പ്രീമെട്രിക് തലത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യത്തേക്കാൾ കുറവാണ് എസ്.സി/എസ്.ടി വിഭാഗത്തിന് ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നതിനാൽ ഒ.ബി.സി.യുടെ ആനുകൂല്യത്തിന് സമാനമായി എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ആയതിനാവശ്യമായ പ്രൊപ്പോസൽ പരാമർശം (4)പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രീമെട്രിക് തലത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യത്തേക്കാൾ കുറവാണ് എസ്.സി/എസ്.ടി വിഭാഗത്തിന് ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നതിനാൽ ഒ.ബി.സി.യുടെ ആനുകൂല്യത്തിന് സമാനമായി എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് നഴ്സറിതലം 500 രൂപയായും, I മുതൽ IV വരെ 750 രൂപയായും, V മുതൽ VII വരെ 900 രൂപയായും, VIII മുതൽ X വരെ 1000 രൂപയായും വർദ്ധിപ്പിക്കുന്നതിനും, 2020-21 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പരാമർശം (1) പ്രകാരം സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം പരാമർശം (3) പ്രകാരം നൽകി വരുന്ന നിരക്കിന്റെ 20% വർദ്ധിപ്പിച്ച്, പുതുക്കിയ നിരക്കുകൾ തൊട്ടടുത്ത നൂറിന്റെ ഗുണിതമായി (nearest hundred) നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. (വർദ്ധനവിന്റെ നിരക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.)

4) പുതുക്കിയ നിരക്ക് പ്രകാരമുള്ള വിദ്യാഭ്യാസാനുകല്യങ്ങൾക്ക് ആവശ്യമായി വരുന്ന തുക അതതു വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നു കണ്ടെത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ബീനാറാണി.ജി.എസ്

അണ്ടർ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വികസന വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കോളജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ആയുർവേദ കോളജുകൾ.
മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.
ധനകാര്യ (ക്ഷേമ) വകുപ്പ് (WW3/190/2016-FIN പ്രകാരം)
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പ്
പിന്നാക്ക സമുദായ വികസന വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ലംപ്സംഗ്രാന്റ്

### പ്രീ-മെട്രിക് പഠനം (ലംപ്സംഗ്രാന്റ് നിരക്ക്)

| | നിലവിലുള്ള നിരക്ക്(രൂപ) | വർദ്ധിപ്പിച്ച നിരക്ക്(രൂപ) |
|---|---|---|
| നഴ്സറി സ്കൂൾ | 190 | 500 |
| എൽ.പി.വിഭാഗം (ക്ലാസ് I മുതൽ IV വരെ) | 320 | 750 |
| യു.പി.വിഭാഗം (ക്ലാസ് V മുതൽ VII വരെ) | 630 | 900 |
| ഹൈസ്കൂൾ വിഭാഗം (ക്ലാസ് VIII മുതൽ X വരെ) | 940 | 1000 |

ഒരു ക്ലാസ്സിൽ ഒരു പ്രാവശ്യം തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ കാണിച്ചിട്ടുള്ള നിരക്കിന്റെ 50%- ന് അർഹതയുണ്ടായിരിക്കും

### പോസ്റ്റ്-മെട്രിക് പഠനം (ലംപ്സംഗ്രാന്റ് നിരക്ക്)

| ആർട്ട്സ് & സയൻസ് കോളേജുകൾ | നിലവിലുള്ള നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|
| +1, +2 വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങി പ്രീഡിഗ്രിക്ക് തുല്യമായ കോഴ്സുകൾക്ക് | 1130 | 1400 |
| ബി.എ /ബി.എസ്.സി / ബി.കോം/ബി.ലിറ്റ്/ബി.എഡ് തത്തുല്യം | 1190 | 1400 |
| എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ തത്തുല്യം | 1570 | 1900 |
| **ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, ഇടക്കാട്, പുറനാട്ടുകര സംസ്കൃത വിദ്യാപീഠം, ആദർശ് സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി** | | |
| മാദ്ധ്യമ | 440 | 500 |
| ശാസ്ത്രി (ഒന്നും രണ്ടും വർഷം) | 940 | 1100 |
| ശാസ്ത്രി (മൂന്നാം വർഷം) | 820 | 1000 |
| പ്രാക്ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 1130 | 1400 |
| ശാസ്ത്രി (ബി.എ.യ്ക്ക് തുല്യം) | 1190 | 1400 |
| ആചാര്യ (എം.എയ്ക്ക് തുല്യം) | 1570 | 1900 |
| **മെഡിക്കൽ കോളേജുകൾ** | | |
| എം.ബി.ബി.എസ്/ബി.ഡി.എസ്/എം.എസ്/എം.ഡി | 3130 | 3800 |
| ഹൗസ് സർജൻസി | 2000 | 2400 |
| എം.ബി.ബി.എസിനു ശേഷമുള്ള ദ്വിവത്സര പി.ജി ഡിപ്ലോമ കോഴ്സ് | - | 3800 |

| | | |
|---|---|---|
| **പാരാമെഡിക്കൽ കോഴ്സുകൾ** | | |
| ബി.എസ്.സി. എം.എൽ.റ്റി (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്) | 1000 | 1200 |
| കോമ്പൗണ്ടിംഗ് ആന്റ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 820 | 1000 |
| ഡെന്റൽ മെക്കാനിക്ക് സർട്ടിഫിക്കറ്റ് കോഴ്സ് | 820 | 1000 |
| ഒപ്റ്റീഷ്യൻ ആന്റ് റിഫ്രാക്ഷനിസ്റ്റ് കോഴ്സ് | 820 | 1000 |
| ഓർത്തോപ്റ്റിക് കോഴ്സ് | 820 | 1000 |
| ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 820 | 1000 |
| ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) (ഡി.എം.ഇ.യുടെ അംഗീകാരത്തോടെ സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഡി.ഫാം ഉൾപ്പെടെ) | 820 | 1000 |
| മെഡിക്കൽ റിക്കാർഡ് കീപ്പിംഗ് | 820 | 1000 |
| സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റന്റ് കോഴ്സ് | 820 | 1000 |
| റേഡിയോഗ്രാഫർ ട്രെയിനിംഗ് കോഴ്സ് | 820 | 1000 |
| സാനിറ്ററി ഇൻസ്പെക്ടേഴ്സ് കോഴ്സ് | 820 | 1000 |
| ഒപ്താൽമിക് അസിസ്റ്റന്റ് കോഴ്സ് | 820 | 1000 |
| **ബി. ഫാർമസി കോഴ്സ്** | | |
| ഒന്നാം വർഷം | 1250 | 1500 |
| രണ്ടാം വർഷം | 1690 | 2000 |
| മൂന്നാം വർഷം | 2570 | 3100 |
| നാലാം വർഷം | 3130 | 3800 |
| **നേഴ്സിംഗ് കോഴ്സ്** | | |
| ബി.എസ്.സി നേഴ്സിംഗ് | 1000 | 1200 |
| പി.ഡി.സി നേഴ്സിംഗ് | 940 | 1100 |
| ജനറൽ നേഴ്സിംഗ് | 1320 | 1600 |
| എ.എൻ.എം/ഹെൽത്ത് വർക്ക് ട്രെയിനിംഗ് കോഴ്സ്/ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് | 880 | 1100 |
| **ആയുർവേദ കോളേജുകൾ** | | |
| വിഷ ഡിപ്ലോമ കോഴ്സുകൾ/ബി.എ.എം/ ബി.എം.എസ് / ഡി.എ.എം /കണ്ടൻസ് ബി.എ.എം /ഹൗസ് സർജൻസി /ഇന്റേൺ ഷിപ്പ് | 1690 | 2000 |
| ആയുർവേദ പി.ജി.കോഴ്സുകൾ | 3130 | 3800 |
| ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നേഴ്സിംഗ് | 1320 | 1600 |

| | | |
|---|---|---|
| **ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | | |
| ഡി.എച്ച്.എം.എസ്/ഡി.എച്ച്.എം. ഹൗസ് സർജൻസി / ഇന്റേൺഷിപ്പ് | 1690 | 2000 |
| ബി.എച്ച്.എം.എസ് (ഹോമിയോ ഡിഗ്രി കോഴ്സ്) | 2250 | 2700 |
| **എഞ്ചിനീയറിംഗ് കോളേജുകൾ** | | |
| ബി.എസ്.സി (എഞ്ചിനീയറിംഗ് ബി.ഇ / ബി.ടെക്) എം.എസ്.സി/എം.ടെക് (കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ) | 2250 | 2700 |
| **കോളേജ് ഓഫ് വെറ്റിനറി ആന്റ് അനിമൽ സയൻസ്** | | |
| ബി.വി.എസ്.സി (വെറ്റിനറി) | 2250 | 2700 |
| എം.വി.എസ്.സി | 2250 | 2700 |
| **ഹോർട്ടി കൾച്ചർ കോളേജ്** | | |
| ബി.എസ്.സി (ഹോർട്ടി) | 2250 | 2700 |
| എം.എസ്.സി (ഹോർട്ടി) | 2250 | 2700 |
| **അഗ്രിക്കൾച്ചറൽ കോളേജ്** | | |
| ബി.എസ്.സി (അഗ്രിക്കൾച്ചർ) | 2250 | 2700 |
| എം.എസ്.സി (അഗ്രിക്കൾച്ചർ) | 2250 | 2700 |
| എം.എഫ്.എസ്.സി (അഗ്രിക്കൾച്ചർ) | 2570 | 3100 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചർ ടെക്നോളജി ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സ് | 880 | 1100 |
| **ലോ കോളേജുകൾ** | | |
| എൽ.എൽ.ബി | 1880 | 2300 |
| എൽ.എൽ.എം. | 1880 | 2300 |
| **ട്രെയിനിംഗ് കോളേജുകൾ** | | |
| ബി.എഡ് | 1320 | 1600 |
| എം.എഡ് | 1320 | 1600 |
| <u>റ്റി.റ്റി.സി / എൽ.റ്റി.റ്റി.സി</u> | | |
| ഒന്നാം വർഷം | 750 | 900 |
| രണ്ടാം വർഷം | 570 | 700 |
| ജെ.ഡി.സി (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 820 | 1000 |
| എച്ച്.ഡി.സി/എ.ഡി.സി/ഡി.സി.പി (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 880 | 1100 |
| സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് | 820 | 1000 |

(കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ)

**ഡിപ്ലോമ കോഴ്സുകൾ**

| | | |
|---|---|---|
| പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകൾ | 880 | 1100 |

**ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ**

| | | |
|---|---|---|
| ഡിപ്ലോമ കോഴ്സുകൾ | 820 | 1000 |
| സർട്ടിഫിക്കറ്റ് കോഴ്സുകൾ | 440 | 500 |

**ഫൈൻആർട്ട്സ് കോളേജുകൾ**

| | | |
|---|---|---|
| പ്രിപ്പറേറ്ററി ഇൻ നാഷണൽ ഡിപ്ലോമ / ഡിഗ്രി കോഴ്സ് / ബി.എഫ്.എ. കണ്ടൻസ് കോഴ്സ് | 880 | 1100 |
| എം.എഫ്.എ | 1570 | 1900 |
| സെൻട്രൽ പോളീടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എം.റ്റി.ഐ തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, റ്റി.വി എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് / പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ കമ്പ്യൂട്ടർ ആന്റ് ഹാർഡ്‌വെയർ മെയിന്റനൻസ് / പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ ഇലക്ട്രോ മെഡിക്കൽ എക്യുപ്മെന്റ് മെയിൻറനൻസ് കോഴ്സ് | 820 | 1000 |

**വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ**

**കേരള യൂണിവേഴ്സിറ്റി**

| | | |
|---|---|---|
| എ) മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് | 2250 | 2700 |

**കൊച്ചിൻ യൂണിവേഴ്സിറ്റി**

| | | |
|---|---|---|
| എ) എം.ബി.എ | 1320 | 1600 |
| ബി) ഡിപ്ലോമ ഇൻ ലേബർ ലാ | 1320 | 1600 |
| സി) ബി.ടെക് കോഴ്സ് ഇൻ റബ്ബർ പ്രോസസ്സിംഗ് ആന്റ് ടെക്നോളജി | 2190 | 2600 |
| ഡി) ടെക്നോളജിക്കൽ കോഴ്സ് ഇൻ നേവൽ ആർക്കിടെക്ചർ ആന്റ് ഷിപ്പ് ബിൽഡിംഗ് | 2190 | 2600 |
| ഇ) ഡി.ബി.എ (പി.ജി.ഡിപ്ലോമ ഇൻ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ) | 1320 | 1600 |
| എഫ്) എം.എസ്.സി.മറൈൻ ബയോളജി ആന്റ് ഓഷ്യാനോഗ്രാഫി | 1320 | 1600 |
| ജി)ബി.ഐ.എം .കോഴ്സ് | 1070 | 1300 |

**കോഴിക്കോട് യൂണിവേഴ്സിറ്റി**

| | | |
|---|---|---|
| എ) എം.സി.റ്റി (മാസ്റ്റർ ഓഫ് കോളേജ് ടീച്ചിംഗ്) | 880 | 1100 |
| ബി) എം.ബി.എ | 1320 | 1600 |
| സി) ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | 1320 | 1600 |
| ഡി) ബി.ടി.എ. കോഴ്സ് | 940 | 1100 |
| **കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി** | | |
| എ) ബി.ടെക്.അഗ്രി/എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ | 2250 | 2700 |
| ബി) ബി.എസ്.സി. ഫോറസ്ട്രി കോഴ്സ് | 2250 | 2700 |
| സി) ബി.എസ്.സി റൂറൽ ഹോം സയൻസ് | 1940 | 2300 |
| ഡി) ഡിപ്ലോമ കോഴ്സ് ഇൻ അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ എഞ്ചിനീയറിംഗ് | 880 | 1100 |
| ഇ) ബി.എഫ്.എസ്.സി | 2570 | 3100 |
| എഫ്) മേക്കപ്പ് കോഴ്സ് ഫോർ ഡിപ്ലോമ ഹോൾഡേഴ്സ് | 940 | 1100 |
| **കേരള കലാമണ്ഡലം** | | |
| ഡിപ്ലോമ കോഴ്സുകൾ | 1130 | 1400 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾ | 1320 | 1600 |
| **കേരള പ്രസ് അക്കാദമി** | | |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം | 1130 | 1400 |
| **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, തിരുവനന്തപുരം (കെ.ഐ.റ്റി.റ്റി.എസ്)** | | |
| പി.ജി.ഡി.ബി.എ ( 4 സെമസ്റ്റർ കോഴ്സ്) (മുൻപ് പി.ജി.ഡി.റ്റി.റ്റി.എം. 2 - സെമസ്റ്റർ) | 1320 | 1600 |
| ഡി.എം.റ്റി.എം. | 820 | 1000 |
| ഡി.റ്റി.റ്റി.ഐ.എം. ( 6 മാസ കോഴ്സ്, 8 മോഡ്യൂൾസ്) | 880 | 1100 |
| ഗവൺമെന്റ് സ്ഥാപനങ്ങൾ, രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര, ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ എന്നിവിടങ്ങളിലെ വിവിധ കോഴ്സുകൾ | 880 | 1100 |
| **വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ, ഗവ. സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും** | | |
| എഞ്ചിനീയറിംഗ് / നോൺ എഞ്ചിനീയറിംഗ് | | |
| ഒന്നാം വർഷം | 750 | 900 |
| രണ്ടാം വർഷം | 630 | 800 |
| അംഗീകൃത കോളേജുകളിലെ നടനഭൂഷണ കോഴ്സ് (പ്രീ മെട്രിക്) | 570 | 700 |

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന /**

**ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾ**

| | | |
|---|---|---|
| ഒന്നാം വർഷം | 820 | 1000 |
| രണ്ടാം വർഷം | 630 | 800 |

**മറ്റ് കോഴ്സുകൾ**

| | | |
|---|---|---|
| കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 880 | 1100 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) | 1320 | 1600 |
| പി.ജി.ഡി.എം. | 1320 | 1600 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻ | 1320 | 1600 |
| ഹോമിയോ എം.ഡി / ഗ്രേഡഡ് ഡിഗ്രി | 2250 | 2700 |
| ബി.വി.എസ്.സി ആന്റ് എ .എച്ച് | 2250 | 2700 |
| മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ | 3130 | 3800 |
| ബി.എസ്.സി.മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 1000 | 1200 |
| എം.ഡി.എസ് | 3130 | 3800 |
| കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ കോഴ്സ് | 1000 | 1200 |
| യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിലെ വിവിധ പി.ജി.കോഴ്സുകൾ | 1440 | 1700 |
| ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് | 2250 | 2700 |
| സെൻട്രൽ സ്കൂൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11 ഉം 12 ഉം ക്ലാസുകൾ | 1130 | 1400 |
| ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ | സ്പോർട്ട്സ് ഉപകരണത്തിന്റെയും യൂണിഫോമിന്റെയും യഥാർത്ഥ ചെലവ് | |
| ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി | 880 | 1100 |
| സ്കൂൾ ഓഫ് പ്രിൻറിംഗ് ടെക്നോളജി | 880 | 1100 |
| തൃശ്ശൂർ ഐ.ടി.ഐ, തിരുവനന്തപുരം ഐ.ടി.ഐ എന്നിവിടങ്ങളിലെ ഓട്ടോമൊബൈൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒഴികെയുള്ള കോഴ്സുകൾ | 880 | 1100 |
| പ്രിപ്പറേറ്ററി കോഴ്സ് ഇൻ റൂറൽ സർവ്വീസ് | 940 | 1100 |
| ഡിപ്ലോമ ഇൻ റൂറൽ സർവ്വീസ് | 940 | 1100 |
| ഡിപ്ലോമ ഇൻ കാറ്ററിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ | 820 | 1000 |
| ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോട്ടൽ റിസപ്ഷൻ | 820 | 1000 |

| | | |
|---|---|---|
| ആന്റ് ബുക്ക് കീപ്പിംഗ് | | |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുന്ന ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ | 820 | 1000 |
| പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് | 690 | 800 |
| ചാർട്ടേഡ് അക്കൗണ്ടൻസി ഫോർ ഇന്റർ മീഡിയറ്റ് | 1630 | 2000 |
| ചാർട്ടേഡ് അക്കൗണ്ടൻസി ഫോർ ഫൈനൽ | 1690 | 2000 |
| ആയുർവേദ ഫാർമസി & ആയുർവേദ നഴ്സിംഗ് | 1320 | 1600 |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റൻഷൻ സെന്റർ, കോഴിക്കോട് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കുക്കറി, റെസ്റ്റോറന്റ് കൗണ്ടർ സർവ്വീസ് & ഹോട്ടൽ റിസപ്ഷൻ & ബുക്ക് കീപ്പിംഗ് ഇൻ ഫുഡ് | 820 | 1000 |
| **അഗ്രി മെക്കാനിക്ക് കോഴ്സ്** - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ ടെക്നോളജി, തവനൂർ നടത്തുന്നത് | 570 | 700 |
| **നോൺ ഡിഗ്രി കോഴ്സുകൾ**<br>(കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ കോഴ്സുകൾ) | | |
| എ) ഡിപ്ലോമ കോഴ്സ് ഇൻ സോഷ്യൽ സർവ്വീസസ് / എൻ.സി.ഡി.യു വിദ്വാൻ, വിശാരദ്, ശാസ്ത്രി / ഭൂഷൺ പോലുള്ള ഡിഗ്രി കോഴ്സുകൾ | 630 | 800 |
| ബി) അറബിക് കോഴ്സുകളിലെ അഫ്സൽ ഉൽ-ഉദുമ-ടൈറ്റിൽ കോഴ്സ് | 630 | 800 |
| സി) ആർട്ട്സ് കോളേജുകളിൽ, ഓറിയന്റൽ ലാംഗ്വേജ്, അറബിക് കേളേജുകൾ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന മറ്റ് പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകൾ | 630 | 800 |
| ഡി ). ആയുർവേദ മഹാപാഠശാല, ഷൊർണ്ണൂർ | 1320 | 1600 |
| ഇ ) കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 1320 | 1600 |
| എഫ്) മാധവ മെമ്മോറിയൽ ആയുർവേദ കോളേജ്, കണ്ണൂർ | 1320 | 1600 |
| കോ-ഓപ്പറേറ്റീവ് കോളേജുകൾ | 630 | 800 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സ് പൗൾട്രി ടെക്നോളജി | 880 | 1100 |
| ബി.എഡ് സെഷണൽ കോഴ്സ് | 1190 | 1400 |
| സംഗീത കോളേജുകളിലെ നടനഭൂഷണം ഒഴികെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾ | 880 | 1100 |
| എം.എസ്.സി & ബി. കോഴ്സ്<br>സഹകരണ ബാങ്കിംഗ് കോളേജ്, മണ്ണുത്തി | 1630 | 2000 |
| സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിൽ | 1190 | 1400 |

നടത്തുന്ന ബി.ബി.എ / ബി.സി.എ / ബി.എസ്.സി (ഇലക്ട്രോണിക്സ്) തുടങ്ങിയ കോഴ്സുകൾ

**പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക്**

**പ്രീമെട്രിക് കോഴ്സുകൾ**

(നായാടി, കള്ളാടി ,വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും) കൂടാതെ പട്ടികജാതി വിഭാഗത്തിലെ പിന്നോക്കക്കാരായി പരിഗണിച്ചിട്ടുള്ള അരുന്ധതിയാർ / ചക്ലിയൻ വിദ്യാർത്ഥികൾക്കും

| | | |
|---|---|---|
| സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ | 130 | 200 |
| സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ | 160 | 200 |
| സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ | 190 | 200 |
| **പോസ്റ്റ് മെട്രിക് കോഴ്സുകൾ** | | |
| 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 630 | 800 |
| 8 കിലോമീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് (കിലോമീറ്റർ വ്യത്യാസമില്ലാതെ) | 750 | 900 |
| പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന / ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്ക് | 630 | 800 |
| വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവൺമെന്റ് സ്ഥാപനങ്ങളും, അംഗീകൃത സ്ഥാപനങ്ങളും) | 500 | 600 |
| സംഗീത കോളേജുകളിലെ നടനഭൂഷണം കോഴ്സ് | 500 | 600 |
| **പോക്കറ്റ് മണി** | | |
| മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായി വരുന്ന കോഴ്സുകൾക്ക് | 190 | 200 |
| ഡിപ്ലോമയും അതിനു താഴെയുള്ള കോഴ്സുകൾക്ക് | 190 | 200 |
| പ്രീമെട്രിക് കോഴ്സ് (പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക്) | 130 | 200 |